# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഓഗസ്റ്റ് 14**

---

## പി.ജി. പ്രവേശനം; രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള ഏകജാലക പ്രവേശനത്തിൻറെ രണ്ടാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവരും ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറിൽ താത്കാലിക പ്രവേശനമെടുത്തവരും ഓഗസ്റ്റ് 16ന് വൈകുന്നേരം നാലിനു മുൻപ് കോളജുകളിൽ നേരിട്ട് ഹാജരായി സ്ഥിര പ്രവേശനമെടുക്കണം. നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവേശനം ഉറപ്പാക്കാത്തവരുടെ അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/978/2023)

## ബി.എഡ്; ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്ത ടീച്ചേഴ്സ് ട്രെയിനിംഗ് കോളജുകളിലെ ബി.എഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെൻററി അലോട്ട്മെൻറ് പ്രസിദ്ധീകരിച്ചു.

അലോട്ട്മെൻറ് ലഭിച്ചവർ സ്ഥിര പ്രവേശനം എടുക്കുന്നതിന് കോളേജുകളിൽ നേരിട്ട് ഹാജരായി ട്യൂഷൻ ഫീസ് അടയ്ക്കണം.

താത്കാലിക പ്രവേശനത്തിന് കോളേജുകളിൽ നേരിട്ട് എത്തേണ്ടതില്ല. നിശ്ചിത സർവ്വകലാശാലാ ഫീസ് ഓൺലൈനിൽ അടച്ച് താത്കാലിക പ്രവേശനം എടുത്തശേഷം അലോട്ട്മെൻറ് മെമ്മോ ഓഗസ്റ്റ് 16ന് മുൻപ് കോളജുകൾക്ക് ഇമെയിലിൽ അയച്ചു നൽകണം.

കോളജിൽനിന്ന് പ്രവേശനം ഉറപ്പാക്കിയതിൻറെ തെളിവായി കൺഫർമേഷൻ സ്ലിപ്പ് ഡൗൺലോഡ് ചെയ്ത് സൂക്ഷിക്കണം. പ്രവേശനവുമായി ബന്ധപ്പെട്ട പരാതികളുണ്ടെങ്കിൽ സമർപ്പിക്കുന്നതിന് കൺഫർമേഷന് സ്ലിപ്പ് വേണ്ടതുണ്ട്.

ഒന്നാം ഓപ്ഷനിൽ അലോട്ട്മെൻറ് ലഭിച്ചവർ സ്ഥിര പ്രവേശനം എടുക്കണം. ഇവർക്ക് താത്കാലിക പ്രവേശനം എടുക്കുന്നതിന് ക്രമീകരണമില്ല.

ഓഗസ്റ്റ് 16ന് വൈകുന്നേരം നാലിനു മുൻപ് സർവ്വകലാശാലാ ഫീസ് അടയ്ക്കാത്തവരുടെയും ഫീസ് അടച്ച ശേഷം അലോട്മെൻറ് ഉറപ്പാക്കാത്തവരുടെയും അലോട്ട്മെൻറ് റദ്ദാകും.

(പി.ആർ.ഒ/39/979/2023)

## ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനത്തിന് രജിസ്റ്റർ ചെയ്യാം

മഹാത്മാ ഗാന്ധി സർവകലാശലയിൽ അഫിലിയേറ്റ് ചെയ്ത ആർട്ട്സ് ആൻറ് സയൻസ് കോളജുകളിൽ ബിരുദ പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് റാങ്ക് ലിസ്റ്റ് വഴി പ്രവേശനത്തിനുള്ള രണ്ടാം ഫൈനൽ അലോട്ട്മെൻറിൻറെ ഓപ്ഷൻ രജിസ്ട്രേഷൻ/ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

ഓഗസ്റ്റ് 17ന് വൈകുന്നേരം അഞ്ചുവരെ രജിസ്റ്റർ ചെയ്യാം. എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് ക്വാട്ടാ സീറ്റുകളിലേക്കും 17ന് വൈകുന്നേരം അഞ്ചുവരെ ഓപ്ഷൻ രജിസ്ട്രേഷൻ/ഓൺലൈൻ രജിസ്ട്രേഷന് സൗകര്യമുണ്ട്.

(പി.ആർ.ഒ/39/980/2023)

## സ്വാതന്ത്ര്യ ദിനാഘോഷം; വൈസ് ചാൻസലർ പതാക ഉയർത്തും

സ്വാതന്ത്ര്യ ദിനാഘോഷത്തിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാലാ അങ്കണത്തിൽ ഇന്ന്(ഓഗസ്റ്റ് 15) രാവിലെ 9.30ന് വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ ദേശീയ പതാക ഉയർത്തും. സുരക്ഷാ ഉദ്യോഗസ്ഥരുടെ പരേഡ് പരിശോധിക്കുന്ന വൈസ് ചാൻസലർ സ്വാതന്ത്ര്യ ദിന സന്ദേശം നൽകും. സർവകലാശാലയിലെ ജീവനക്കാർ ആഘോഷച്ചടങ്ങിൽ പങ്കെടുക്കും.

(പി.ആർ.ഒ/39/981/2023)

## കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ്; കരാർ നിയമനം

മഹാത്മാ ഗാന്ധി സർവകലാശാലയിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികയിലെ ഒരൊഴിവിലേക്ക് നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

താല്പര്യമുള്ളവർക്ക് ബയോഡാറ്റയും അനുബന്ധ രേഖകളും സഹിതം

itcell@mgu.ac.in എന്ന വിലാസത്തിലേക്ക് സെപ്റ്റംബർ ഒന്നു വരെ അയക്കാം.

യോഗ്യത, അപേക്ഷിക്കേണ്ട രീതി തുടങ്ങിയ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ(www.mgu.ac.in). ഫോൺ: 04812733541

(പി.ആർ.ഒ/39/982/2023)

## സ്പോട്ട് അഡ്മിഷൻ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിൽ എം.എസ്.സി മാത്തമാറ്റിക്സ്, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് പ്രോഗ്രാമുകളിൽ(2023 ബാച്ച്) ഏതാനും സീറ്റുകൾ ഒഴിവുണ്ട്.

യോഗ്യരായവർ അസൽ രേഖകളുമായി ഓഗസ്റ്റ് 16ന് രാവിലെ 10.30ന് വകുപ്പ് ഓഫീസിൽ നേരിട്ട് ഹാജരാകണം. ഫോൺ: 8304870247. ഇമെയിൽ:sms@mgu.ac.in

(പി.ആർ.ഒ/39/983/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എച്ച്.എം - മെയ് 2023(2020 അഡ്മിഷൻ റഗുലർ - പുതിയ സ്കീം), (2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21 മുതൽ പാലാ, സെന്റ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.................

നാലാം സെമസ്റ്റർ ബി.എസ്.സി ബയോകെമിസ്ട്രി - മെയ് 2023(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 17 മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

..........................

നാലാം സെമസ്റ്റർ ബി.എസ്.സി ഹോംസയൻസ് - ഫാമിലി ആന്റ് കമ്മ്യൂണിറ്റി സയൻസ് - മെയ് 2023(സി.ബി.സി.എസ്, പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 21 മുതൽ അതത് കോളജുകളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

.....................

മെയിൽ വിജ്ഞാപനം പുറപ്പെടുവിച്ച നാലാം സെമസ്റ്റർ ബി.എ അനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ, വിഷ്വൽ ആർട്ട്സ്, അനിമേഷൻ ആന്റ് വിഷ്വൽ എഫക്ട്സ്(സി.ബി.സി.എസ് - 2021 അഡ്മിഷൻ റഗുലർ) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നാളെ(ഓഗസ്റ്റ് 16) മുതൽ ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/984/2023)

## മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷ

ഓഗസ്റ്റ് ഒൻപത്, പത്ത് തീയതികളിൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്ട്സിൽ വച്ച് നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ കഥകളി വേഷം - ജൂൺ 2023(സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 22,23 തീയതി കളിൽ നടക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/985/2023)

## പരീക്ഷാ ഫലം

മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് - ഡാറ്റ അനലിറ്റിക്സ്(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷനുകൾ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.
.........................

ഐ.ഐ.ആർ.ബി.എസ് ജൂലൈയിൽ നടത്തിയ ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർഡിസിപ്ലിനറി എം.എസ്.സി ഫാക്കൽറ്റി ഓഫ് സയൻസ്, സ്പെഷ്യ ലൈസേഷൻ - കെമിസ്ട്രി(2018 അഡ്മിഷൻ - ക്രെഡിറ്റ് ആന്റ് സെമസ്റ്റർ) പരീക്ഷ യുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 25 വരെ ഐ.ഐ.ആർ.ബി.എസ് ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.
........................

സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമ സ്റ്റർ എം.എസ്.സി കെമിസ്ട്രി - ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ, പോളി മർ(ഫാക്കൽറ്റി ഓഫ് സയൻസ്, ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് അടച്ച് ഓഗസ്റ്റ് 29 വരെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/986/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**